"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദസഞ്ചാര വകുപ്പ് - ഓറിയന്റ് ചെസ്സ് മൂവ്സിന്റെ ആഭിമുഖ്യത്തിൽ കേരളത്തിൽ സംഘടിപ്പിക്കുന്ന ചെസ്സ് ഹൗസ് ബോട്ട് - 2024 ഇന്റർ നാഷണൽ ചെസ്സ് ടൂറിസം ഈവന്റിന് ധനസഹായം അനുവദിച്ച് ഉത്തരവാകുന്നു.

---

**വിനോദസഞ്ചാര(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.6/2025/TSM തീയതി,തിരുവനന്തപുരം, 04-01-2025

---

പരാമർശം:- 1. ഓറിയന്റ് ചെസ്സ് മൂവ്സ് ചീഫ് കൺവീനർ സമർപ്പിച്ച അപേക്ഷ.

2. വിനോദ സഞ്ചാര വകുപ്പ് ഡയറക്ടറുടെ 05.10.2024 തീയതിയിലെ DOT/1548//2024-M1 നം കത്ത്

**<u>ഉത്തരവ്</u>**

ഓറിയന്റ് ചെസ്സ് മൂവ്സിന്റെ ആഭിമുഖ്യത്തിൽ 2024 നവംബറിൽ സംഘടിപ്പിക്കപ്പെടുന്ന "ചെസ്സ് ഹൗസ് ബോട്ട് - 2024 അന്താരാഷ്ട്ര ചെസ് ടൂറിസം പരിപാടിക്ക് സ്പോൺസർഷിപ്പ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓറിയന്റ് ചെസ്സ് മൂവ്സ് ചീഫ് കൺവീനർ പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ തലത്തിൽ ഉചിതമായ നടപടി സ്വികരിക്കണമെന്ന് പരാമർശം (2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഈ പരിപാടിയുടെ ടൂറിസം പ്രാധാന്യം കണക്കിലെടുത്ത് ചെസ്സ് ഹൗസ് ബോട്ട് - 2024 ഇന്റർനാഷണൽ ചെസ്സ് ടൂറിസം ഈവന്റിന് 3452-80-104-98-00-34-03 പി.വി മാർക്കറ്റിംഗ് (പ്ലാൻ ) എന്ന ശീർഷകത്തിൽ നിന്നും ₹ 2,00,000 /- (രണ്ട് ലക്ഷം രൂപ മാത്രം) സ്പോൺസർഷിപ്പ് അനുവദിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ധനസഹായമായി അനുവദിച്ച തുകയുടെ ഓഡിറ്റ് ചെയ്ത വിനിയോഗ സർട്ടിഫിക്കറ്റ്, തുക കൈപ്പറ്റിയ തീയതി മുതൽ മൂന്നു മാസത്തിനകം ഓറിയന്റ് ചെസ്സ് മൂവ്സ്, ചീഫ് കൺവീനർ വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും, ആയതിന്റെ ആധികാരികത വിനോദ സഞ്ചാര വകുപ്പ്

ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം
ചീഫ് കൺവീനർ,ഓറിയന്റ് ചെസ്സ് മൂവ്സ്( വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ, മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1 / ഓഡിറ്റ് II ) കേരള, തിരുവനന്തപുരം
സബ് ഒഷറി ഓഫീസർ, വെള്ളയമ്പലം സബ് ടഷറി, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിനു)
കരുതൽ ഫയൽ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Archana T
Date: 04-01-2025 16:29:35
സെക്ഷൻ ഓഫീസർ

പകർപ്പ്:
1.ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2.വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
3.വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്